# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2775** **06.11.2019 ലെ മറുപടി**

## കൊച്ചിൻ ഫ്രോണ്ടിയർ തോട് നവീകരണം

**ചോദ്യം**

**ശ്രീ.മുരളി പെരുനെല്ലി :**

കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുരക്കുളം മുതൽ കണ്ടാണശ്ശേരി, ഗുരുവായൂർ മുനിസിപ്പാലിറ്റി, എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ കടന്ന് പെരുവല്ലൂർ പരപ്പുഴ വഴി മുല്ലശ്ശേരി കനാലിലെത്തുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോട് ആഴംകൂട്ടി, പാർശ്വഭിത്തി കെട്ടിയുള്ള ജലസേചന പദ്ധതിയ്ക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുരക്കുളം മുതൽ കണ്ടാണശ്ശേരി, ഗുരുവായൂർ മുനിസിപ്പാലിറ്റി, എളവള്ളി മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ കടന്ന് പെരുവല്ലൂർ പരപ്പുഴ വഴി മുല്ലശ്ശേരി കനാലിലെത്തുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോട് ആഴം കൂട്ടി, പാർശ്വഭിത്തി കെട്ടിയുള്ള ജലസേചന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളായി തോട് സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയിച്ച് കോൺക്രീറ്റ് കുറ്റികൾ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ 6.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി പലതവണ ഇ-ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരും തന്നെ പ്രതികരിക്കാത്തതിനാൽ ക്വട്ടേഷൻ മുഖേന പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ടി പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം തോടിന്റെ ആഴം കൂട്ടി പാർശ്വഭിത്തി കെട്ടിയുള്ള ജലസേചന പദ്ധതിക്കായുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**